(സി) ഉണ്ടെങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സാമ്പത്തിക വർഷത്തിൽ പുതിയ മൽസ്യബന്ധന തുറമുഖങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഇപ്പോൾ കൊച്ചിയിൽ ഒരു മൽസ്യബന്ധന തുറമുഖം മാത്രമേ എല്ലാ സൗകര്യങ്ങളോടുംകൂടി കേരളത്തിൽ പ്രവർത്തിച്ചു വരുന്നുള്ളൂ.

(ബി) ഉണ്ട്.

(സി) കൊച്ചിയിലുള്ള മൽസ്യബന്ധന തുറമുഖം വികസിപ്പിക്കുവാൻ കൊച്ചിയിൽ പോർട്ട് ട്രസ്റ്റ് ഒരു കോടി രൂപ അടങ്കൽ വരുന്ന ഒരു പദ്ധതി കേന്ദ്രാനുമതിക്കുവേണ്ടി അയയ്ക്കുന്നതിനായിട്ട് തയ്യാറാക്കിയിട്ടുണ്ട്. നീണ്ടകരയിൽ 1480 ചൊറുകിട ബോട്ടുകൾക്ക് പ്രവർത്തനസൗകര്യം നൽകുന്ന മൽസ്യബന്ധന തുറമുഖം നിർമ്മിച്ചു വരുന്നു. നിർമ്മാണം ഈ സാമ്പത്തിക വർഷത്തിൽതന്നെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

വിഴിഞ്ഞത്ത് ആഴക്കടൽ മൽസ്യബന്ധനം നടത്തുന്നതിന് കഴിവുള്ള വൻകിട ട്രാളറുകൾക്ക് പ്രവർത്തനസൗകര്യം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ മാപ്പിളബേ, തലായി, അഴീക്കൽ, പൊന്നാനി എന്നിവിടങ്ങൾ വൻകിട മൽസ്യബന്ധന തുറമുഖങ്ങളായും ചെറുവത്തൂർ, ചോമ്പാൽ, പുതിയാപ്പ, ചേറുവായ്, മുനമ്പം, കോട്ടപ്പള്ളി, കായംകുളം, തങ്കശ്ശേരി, മുതലപ്പൊഴി എന്നിവ ചെറുകിട തുറമുഖങ്ങളായും വികസിപ്പിക്കുവാൻ ഉദ്ദേശിച്ചുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

(ഡി) ഉണ്ട്. കേന്ദ്രാനുമതിക്ക് വിധേയമായി ഈ സാമ്പത്തിക വർഷം മുനമ്പം, തങ്കശ്ശേരി, എന്നി മൽസ്യബന്ധന തുറമുഖങ്ങളുടെ പണി തുടങ്ങുന്നുദ്ദേശിക്കുന്നു. അതിലേയ്ക്കായി യഥാക്രമം 10 ലക്ഷം രൂപയും 2 ലക്ഷം രൂപയും ഈ വർഷത്തെ ബഡ്ജറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

എയ്ഡ്സ് രോഗത്തിന് നിവാരണമാർഗ്ഗങ്ങൾ സ്വീകരിക്കാൻ നടപടി

* 125 [127] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, നാലകത്ത് സൂപ്പി:
,, എം. പി. എം. ഇസ്ഹാക്ക്കുരിക്കൾ:
,, കെ. പി. രാമൻ:
,, എ വി. അബ്ദുറഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡ്സ് (Acquired Immunity Deficiency Syndrome) രോഗം ബാധിച്ച ഏതെങ്കിലും രോഗികൾ ഉള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് ആശുപത്രിയിലാണ് ഈ രോഗിയെ പ്രവേശിപ്പിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) എയിഡ്സ് രോഗബാധ തടയുന്നതിനുള്ള എന്തെല്ലാം പ്രതിരോധ നടപടികളും ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്;

(ഡി) എയിഡ്സ് രോഗം നിർണ്ണയിക്കുന്നതിനുള്ള സൗകര്യം സംസ്ഥാനത്ത് ഏതെല്ലാം ആശുപത്രികളിലുണ്ട്.

(ഇ) സൗകര്യം ഇല്ലെങ്കിൽ അതിനുള്ള സൗകര്യം ഗവൺമെന്റ് ഏർപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ, ബി) ഇല്ല. എന്നാൽ എയിഡ്സ് രോഗമുണ്ടെന്ന് സംശയിച്ച ഒരു ചെറുപ്പക്കാരനെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. വിദഗ്ദ്ധമായ പരിശോധനയിലും നിരീക്ഷണത്തിലും രോഗമില്ലെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തു.

(സി) ഇതിനുമുമ്പ് പ്രധാനമായും രണ്ടു ഉപാധികളാണ് ഉള്ളത്.

(i) ആരോഗ്യ വിദ്യാഭ്യാസം (ഹെൽത്ത് എഡ്യുക്കേഷൻ) നൽകുക.

(ii) രോഗമുണ്ടാവാനിടയുള്ളവരിലും രോഗമുണ്ടെന്ന് സംശയിക്കപ്പെടുന്നവരിലും ഹൈറിസ്ക് ഗ്രൂപ്പ് (High risk group) പരിശോധന നടത്തുക.

ഈ പരിശോധനയ്ക്കുവേണ്ടി പ്രസ്തുത വിഷയത്തിൽ പ്രത്യേക പരിശീലനം നേടിയ ഡോക്ടർമാരടക്കമുള്ള ഒരു സമിതിയുടെ മേൽനോട്ടത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു പരിശോധനാകേന്ദ്രം ആരംഭിച്ചിട്ടുണ്ട്.

(ഡി) ഇന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലുള്ള സംവിധാനങ്ങളുപയോഗിച്ച് രക്തപരിശോധന നടത്താൻ കഴിയും. ഇത് ഒരു പ്രാരംഭ പരിശോധന (സ്ക്രീനിംഗ് ടെസ്റ്റ്) മാത്രമാണ്. ഈ പരിശോധനയിൽ രോഗമുണ്ടെന്ന് സംശയം ഉണ്ടായാൽ അത് ഉറപ്പുവരുത്താൻ രോഗിയുടെ രക്തം അമേരിക്കയ്ക്ക് അയയ്ക്കേണ്ടിവരും. ഇന്ത്യയിൽ ഈ പരിശോധനയ്ക്കുള്ള സംവിധാനങ്ങളില്ല.

(ഇ) നമ്മുടെ സംസ്ഥാനത്തിന് ലഭ്യമാക്കാവുന്ന പരമാവധി സൗകര്യം ഇക്കാര്യത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഏർപ്പെടുത്തിയിട്ടുണ്ട്. തൽക്കാലം മറ്റ് ആശുപത്രികളിൽ ഇതിനുള്ള സൗകര്യം ഏർപ്പെടുത്താൻ നിർവാഹമില്ല.

മത്സ്യത്തൊഴിലാളി കേന്ദ്ര സഹകരണ സംഘങ്ങൾ

* 126 [128] ശ്രീ. കെ. ടി. കുമാരൻ:
,, വി. കെ. രാജൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, പി. കുമാരൻ:

ഡോക്ടർ എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങൾക്കു മുകളിൽ കേന്ദ്ര സംഘങ്ങളായി എത്രയെണ്ണം രൂപീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly